<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1417</u> <u>07-02-2023 - ൽ മറുപടിയ്ക്ക്</u>

<u>ഫാത്തിമ മാതാ ഇംഗ്ലീഷ് മീഡിയം സ്കൂളിന് അംഗീകാരം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ ഇരുപത് കൊല്ലമായി ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെയും പട്ടികജാതി പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും കർഷകരുടെയും കർഷക തൊഴിലാളികളുടെയും മക്കൾക്കും മികച്ച വിദ്യാഭ്യാസം നൽകുന്ന ആലപ്പുഴ ജില്ലയിൽ നൂറനാട് പടനിലം ഏലിയാസ് നഗർ കേന്ദ്രമാക്കി പുനലൂർ കത്തോലിക്ക രൂപത നടത്തുന്ന മാവേലിക്കര എ.ഇ.ഒ. യുടെ കീഴിൽ വരുന്ന ഫാത്തിമ മാതാ ഇംഗ്ലീഷ് മീഡിയം സ്കൂളിന് അംഗീകാരം നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | 22.05.2019-ലെ ജി.ഒ(എം.എസ്) 45/2019/ പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്റ്റേറ്റ് സിലബസിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിലെ നിർദ്ദേശങ്ങൾ അനുസരിച്ച് അതാത് ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ മുഖേന അപേക്ഷ സമർപ്പിച്ച സ്കൂളുകൾക്കാണ് അംഗീകാരം നൽകിവരുന്നത്. പടനിലം ഫാത്തിമ മാതാ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ അപേക്ഷ മാനേജർ 27.06.2020-ൽ മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ആഫീസിൽ സമർപ്പിച്ചിരുന്നു. എന്നാൽ അപേക്ഷ പരിശോധിച്ചതിൽ അപാകതകൾ കണ്ടെത്തുകയും അവ പരിഹരിച്ച് ആവശ്യമായ രേഖകൾ സഹിതം പുന:സമർപ്പി ക്കുന്നതിന് 12.11.2021-ലെ ബി1/4396/2021 നമ്പർ കത്ത് പ്രകാരം അപേക്ഷയും അനുബന്ധ രേഖകളും മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർ തിരികെ നൽകിയിരുന്നു. എന്നാൽ അപേക്ഷ അപാകതകൾ പരിഹരിച്ച് പുന:സമർപ്പിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ച് അപേക്ഷ പുന:സമർപ്പിച്ചാൽ അംഗീകാരം നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്. |
| (ബി) | ദേശീയ വിദ്യാഭ്യാസ നയത്തിൽ നിഷ്കർഷിക്കുന്ന എല്ലാ മാനദണ്ഡങ്ങളും പാലിച്ച് നടത്തുന്ന ഈ സ്കൂളിന് ഉടൻ അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | 22.05.2019-ലെ ജി.ഒ(എം.എസ്) 45/2019/ പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്റ്റേറ്റ് സിലബസിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിലെ നിർദ്ദേശങ്ങൾ അനുസരിച്ച് അതാത് ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ മുഖേന അപേക്ഷ സമർപ്പിച്ച സ്കൂളുകൾക്കാണ് അംഗീകാരം നൽകിവരുന്നത്. പടനിലം ഫാത്തിമ മാതാ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ അപേക്ഷ മാനേജർ 27.06.2020- |

| | | | |
|---|---|---|---|
| | | | ൽ മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ആഫീസിൽ സമർപ്പിച്ചിരുന്നു. എന്നാൽ അപേക്ഷ പരിശോധിച്ചതിൽ അപാകതകൾ കണ്ടെത്തുകയും അവ പരിഹരിച്ച് ആവശ്യമായ രേഖകൾ സഹിതം പുന:സമർപ്പി ക്കുന്നതിന് 12.11.2021-ലെ ബി1/4396/2021 നമ്പർ കത്ത് പ്രകാരം അപേക്ഷയും അനുബന്ധ രേഖകളും മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർ തിരികെ നൽകിയിരുന്നു. എന്നാൽ അപേക്ഷ അപാകതകൾ പരിഹരിച്ച് പുന:സമർപ്പിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ച് അപേക്ഷ പുന:സമർപ്പിച്ചാൽ അംഗീകാരം നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്. |
| (സി) | ദൂരപരിധിയും സർക്കാർ മാനദണ്ഡങ്ങളും പാലിച്ച് പ്രവർത്തിക്കുന്ന സംസ്ഥാനത്തെ അംഗീകാരം ലഭിക്കാത്ത മുഴുവൻ സ്കൂളുകൾക്കും അംഗീകാരം നൽകാൻ അടിയന്തര നിർദേശം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | അംഗീകാരമില്ലാതെ സംസ്ഥാന സിലബസ്സിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് G.O (MS) No.45/2019/GEDN dated 22.05.2019 പ്രകാരവും അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് G.O (MS) No.22/2019/GEDN dated 01.03.2019 പ്രകാരവും മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളിലെ മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ച് അപേക്ഷകൾ സമർപ്പിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ